എയ്ഡ്സ് രോഗവ്യാപനം

38(2506) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് രോഗികളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രോഗവ്യാപനം തടയുന്നതിനും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് പ്രസ്തുത രോഗത്തിനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സേവന കേന്ദ്രങ്ങളിലെ വിവരങ്ങൾ പ്രകാരം എയ്ഡ്സ് ബാധിതരുടെ എണ്ണം കൂടി വരുന്നതായി കാണുന്നില്ല. എയ്ഡ്സ് വ്യാപനം തടയുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Naco Fund Statement of Expenditure :

Year	Expenditure (in Lakhs)
2011-12	2685.94
2012-13	2805.64
2013-14	2498.78
2014-15	2822.19
2015-16 as on 7-12-2015	1327.44

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

State Fund

Expenditure Statement as on 10-12-2015

Year	Expenditure		
	Plan	Non-Plan	Total
2011-12	19940371	...	19940371
2012-13	3013126	10947000	13960126
2013-14	15951852	20000000	35951852
2014-15	5966841	20000000	25966841
2015-16	1199989	18776724	19976713

നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം

39(2507) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എൻ.ആർ.എച്ച്.എം. വഴി ചെലവഴിച്ച തുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എൻ.ആർ.എച്ച്.എം. മേഖലയിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് ജില്ല അടിസ്ഥാനത്തിൽ തസ്തിക തിരിച്ച് അറിയിക്കുമോ;

(ഡി) ഇതിൽ സേവനമനുഷ്ഠിക്കുന്ന താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. എല്ലാ മാസവും ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പ് സെക്രട്ടറിയും നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും ജില്ലാ പ്രോഗ്രാം ഓഫീസർമാരുടെ

LIBRARY ARCHIVES Kerala Legislative Assembly